കവർസ്റ്റോറി

ശൈഖ് മുഹമ്മദ് കാരകുന്ന്

# കൂട്ടായ്മക്ക് കളമൊരുക്കി ദോഹ മതാന്തര സംവാദം





**വികസിത** വാർത്താവിതരണ സംവിധാനങ്ങളും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളും ലോകത്തെ ഒരു ഗ്രാമമാക്കി മാറ്റിയിരിക്കുന്നു. അതിനാൽ ഒരോരുത്തർക്കും ഇന്ന് വിശാലമായ ലോകമുണ്ട്. എന്നാൽ എല്ലാവർക്കുമായി ഒരു ലോകമില്ല. എല്ലാവരും തന്നിലേക്കും തന്നോടൊപ്പമുള്ളവരിലേക്കും മാത്രം നോക്കുന്നു. മറ്റുള്ളവരുടെ നേരെ കണ്ണടക്കുന്നു. പരസ്പരമുള്ള പരിചയം പുറംകാഴ്ചകളിലൊതുങ്ങുന്നു. അയൽക്കാരുടെയും കൂടെയുള്ളവരുടെയും പോലും അകം അജ്ഞാതമായിതന്നെ നിലകൊള്ളുന്നു. ഇത് കൂടുതൽ പ്രകടമാകുന്നത് മതസമൂഹങ്ങൾക്കിടയിലാണ്. തൊട്ടടുത്ത് താമസിക്കുന്നവരുടെയും ഒന്നിച്ച് ജോലിചെയ്യുകയും താമസിക്കുകയും ചെയ്യുന്ന മറ്റു മതക്കാരുടെയും വിശ്വാസ വീക്ഷണങ്ങളും ആചാരാനുഷ്ഠാനങ്ങളും ശരിയാംവിധം മനസ്സിലാക്കിയവർ വളരെ വിരളമായിരിക്കും. എന്നല്ല, ഗുരുതരമായ തെറ്റിദ്ധാരണ വെച്ചുപുലർത്തുന്നവരായിരിക്കും ഏറെ പേരും. അതുകൊണ്ടുതന്നെ ശരീരം ചേർന്നുനിൽക്കുമ്പോഴും

**ലോക ജനസംഖ്യയുടെ അറുപതു ശതമാനവും കുടിവെള്ളം, വിദ്യാഭ്യാസം, താമസസൗകര്യം പോലുള്ള മൗലികാവശ്യങ്ങൾ പോലും ലഭിക്കാതെ കഷ്ടപ്പെടുന്നവരാണെന്നും എൺപതുകോടി മനുഷ്യർ പട്ടിണി കിടക്കുന്നവരാണെന്നും അതിൽ ഇരുപത്തിനാലു കോടിയും ആഫ്രിക്കയിലാണെന്നും ദോഹ ഇന്റർനാഷനൽ സെന്റർ ഫോർ ഇന്റർ ഫെയ്ത്ത് ഡയലോഗ് ചെയർമാൻ പ്രഫ. ഇബ്റാഹീം സ്വാലിഹ് അൽനുഐമി തുറന്നുകാട്ടി.**



ഇബ്റാഹീം സ്വാലിഹ് അൽനുഐമി

അകം ഏറെ അകന്നിരിക്കും. മനുഷ്യൻ അവനറിയാത്തതിന്റെ ശത്രുവായിരിക്കുമെന്ന പഴമൊഴി പാഴ്മൊഴിയല്ല.

ഇവിടെയാണ് മതാന്തര സംവാദം പ്രസക്തവും പ്രധാനവുമാവുന്നത്. ഖുർആൻ അതിന്റെ അനുയായികളെ അതിനനുശാസിക്കുന്നു (16:125).

നിലവിൽ മതങ്ങൾ തമ്മിൽ പലവിഷയങ്ങളിലും വീക്ഷണവ്യത്യാസങ്ങളും വിശ്വാസ വൈജാത്യങ്ങളും വൈരുദ്ധ്യങ്ങളുമുണ്ട്. അത്രതന്നെ യോജിപ്പിന്റെ മേഖലകളുമുണ്ട്. അവ കണ്ടെത്തി വികസിപ്പിക്കാനാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. ആശയപ്രബോധനത്തിനു നിർദേശിക്കപ്പെട്ട മാർഗങ്ങളിൽ പ്രധാനവും അതുതന്നെ (ഖുർആൻ 3:64).

ആശയ പ്രബോധനം പോലെതന്നെ പ്രധാനമാണ് സമൂഹത്തിന്റെയും രാജ്യത്തിന്റെയും ലോകത്തിന്റെയും സമാധാനത്തിനും സുരക്ഷക്കും ക്ഷേമത്തിനും പുരോഗതിക്കും ആരോഗ്യകരമായ നിലനിൽപിനും ആവശ്യമായ കൂട്ടായ്മ വളർത്തിയെടുക്കുക എന്നത്. അതിനും സംവാദം അനിവാര്യമത്രെ. ഇസ്‌ലാമിക ചരിത്രത്തിൽ ഈ രണ്ടു സ്വഭാവത്തിലുള്ള സംവാദങ്ങളും ധാരാളമായി നടന്നിരുന്നതായി കാണാം. സംഘർഷങ്ങൾക്ക് അറുതിവരുത്താനുള്ള ഏറ്റവും നല്ല മാർഗവും സംവാദങ്ങൾ തന്നെ.

### അന്താരാഷ്ട്രരംഗത്ത്

കേരളത്തിൽ ആരോഗ്യകരമായ മതാന്തര സംവാദങ്ങൾക്ക് തുടക്കം കുറിച്ചത് സ്റ്റുഡന്റ്സ് ഇസ്‌ലാമിക് ഓർഗനൈസേഷൻ(എസ്.ഐ.ഒ)ആണ്. തൃശൂരിൽനിന്നായിരുന്നു തുടക്കം. പിന്നീട് ഡയലോഗ് സെന്റർ കേരള അതേറ്റെടുത്ത് നിരവധി ഡയലോഗുകൾ സംഘടിപ്പിക്കുകയുണ്ടായി. അതോടെ മറ്റു പലരും ഈ രംഗത്തേക്ക് കടന്നുവന്നു.

സുഊദി അറേബ്യയിലെ അബ്ദുല്ല രാജാവിന്റെ നേതൃത്വത്തിൽ മക്കയിലും മാഡ്രിഡിലും ജനീവയിലും അന്താരാഷ്ട്ര മതാന്തര സംവാദങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. എന്നാൽ അന്തർദേശീയ തലത്തിൽ ഇസ്‌ലാമിക പക്ഷത്തുനിന്ന് ഇതിനു തുടക്കംകുറിച്ചത് ദോഹ ഇന്റർനാഷനൽ സെന്റർ ഫോർ ഇന്റർഫെയ്ത്ത് ഡയലോഗ്(DICID) ആണ്. ഖത്തറിലെ വിദേശകാര്യ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തി

ക്കുന്ന സ്ഥാപനമാണിത്. കഴിഞ്ഞ ഏഴുവർഷമായി അത് അന്തർദേശീയ മതാന്തര സംവാദ സമ്മേളനങ്ങൾ സംഘടിപ്പിച്ചുവരുന്നു.

2009 ഒക്ടോബർ 20,21 തീയതികളിൽ ദോഹ ഷെറാട്ടൻ ഹോട്ടലിൽ ഏഴാമത് അന്തർദേശീയ സംവാദ സമ്മേളനത്തിലേക്ക് ക്ഷണം ലഭിച്ചത് അപ്രതീക്ഷിതമായാണ്. ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നുള്ള പ്രമുഖരായ പലരുമായും പരിചയപ്പെടാൻ അവസരം ലഭിക്കുമെന്നതിനാൽ ക്ഷണം സ്വീകരിച്ചു. സർക്കാർ സ്ഥാപനം നടത്തുന്ന പരിപാടിയായതിനാൽ ചർച്ചകളും പ്രഭാഷണങ്ങളും തീർത്തും ഔപചാരികവും ഉപരിപ്ലവവുമായിരിക്കുമെന്നാണ് ധരിച്ചിരുന്നത്. എന്നാൽ അനുഭവം പൂർണമായും വ്യത്യസ്തമായിരുന്നു. വിഷയങ്ങൾ ആഴത്തിൽ വിശകലനം ചെയ്യപ്പെടുകയും ആരോഗ്യകരമായ അന്തരീക്ഷത്തിൽ ചൂടുപിടിച്ച ചർച്ചകൾ നടക്കുകയും ചെയ്തു. അറബ് നാടുകളിൽ നടത്തപ്പെടുന്ന പരിപാടികളിൽ പ്രതീക്ഷിക്കാനാവാത്ത വിധം, അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ധാർഷ്ട്യങ്ങളും ക്രൂരവൃത്തികളും കൊടിയ ചൂഷണവും തുറന്നു കാണിക്കപ്പെട്ടു.

56 രാജ്യങ്ങളിൽനിന്നായി 180ലേറെ പ്രതിനിധികൾ പങ്കെടുത്ത സമ്മേളനത്തിന്റെ മുഖ്യ പ്രമേയം 'മാനവിക ഐക്യദാർഢ്യം' എന്നതായിരുന്നു. അതിനെ ആറ് ഉപശീർഷകങ്ങളായി ഭാഗിച്ചാണ് ചർച്ചകൾ നടന്നത്. ഇന്ത്യയിൽനിന്ന് ഈ ലേഖകനെ കൂടാതെ സെന്റർ ഫോർ പീസ് ആന്റ് സ്പിരിചാലിറ്റി പ്രസിഡന്റ് മൗലാനാ വഹീദുദ്ദീൻഖാനും ഫാദർ റോബി കണ്ണൻചിറയുമാണ് സമ്മേളനത്തിൽ സംബന്ധിച്ചത്.

ഒക്ടോബർ 20-ന് രാവിലെ ഒമ്പതുമണിക്ക് ഷെറാട്ടൺ ഹോട്ടലിലെ ദഫ്ന ഹാളിൽ ജൂത, ക്രൈസ്തവ, ഇസ്‌ലാമിക പണ്ഡിതന്മാരും ഭരണ, സാംസ്കാരിക രംഗങ്ങളിലെ പ്രമുഖരും നിറഞ്ഞ പ്രൗഢഗംഭീരമായ സദസ്സിന്റെ സാന്നിധ്യത്തിൽ ഖത്തർ വിദേശകാര്യ സഹമന്ത്രി അഹ്മദ് ബിൻ അബ്ദുല്ല അൽ മഹ്മൂദ് മതസംവാദസമ്മേളനം ഉദ്ഘാടനം ചെയ്തു.

മാനവസമൂഹമിന്ന് യുദ്ധം, പ്രകൃതിദുരന്തം, ദാരിദ്ര്യം, രോഗം, നിരക്ഷരത തുടങ്ങിയ നിരവധി ദുരിതങ്ങൾ അഭിമുഖീകരിക്കുന്നു. ധനികരും ദരിദ്രരും തമ്മിലുള്ള വിടവ് വർധിച്ചുകൊണ്ടേയിരിക്കുന്നു. ജനകോടികൾക്ക് സാമൂഹിക നീതിനിഷേധിക്കപ്പെടുന്നു. എങ്ങും കടുത്ത മനുഷ്യാവകാശ ലംഘനങ്ങൾ നടക്കുന്നു. ഇത്തരമൊരു ചുറ്റുപാടിൽ ദൈവിക മതങ്ങളുടെ ചുമതലകൾ വളരെ ഭാരിച്ചതാണെന്ന് ഉദ്ഘാടകൻ ഊന്നിപ്പറഞ്ഞു. പരസ്പര സഹകരണത്തിലൂടെയും ഉത്തരവാദിത്വ നിർവഹണത്തിലൂടെയും ആക്രമണങ്ങൾക്കും അധിനിവേശങ്ങൾക്കും നീതിനിഷേധങ്ങൾക്കും അറുതിവരുത്തേണ്ട ബാധ്യത മതവിശ്വാസികളുടേതാണ്. ഇബ്റാഹീമീ പാരമ്പര്യത്തിൽ പെട്ട ജൂത, ക്രൈസ്തവ, ഇസ്‌ലാമിക സമൂഹങ്ങൾ ലോകജനസംഖ്യയുടെ അറുപത് ശതമാനം വരുമെന്നും അവർക്ക് ഈ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറാനാവില്ലെന്നും അദ്ദേഹം ഓർമിപ്പിച്ചു.

ഇസ്‌ലാം ഇതര മതവിഭാഗങ്ങളുമായി സഹവർത്തിത്വത്തിൽ കഴിയാനും മാന്യമായി സംവാദം നടത്താനുമാണ് ആവശ്യപ്പെടുന്നതെന്ന് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച ഖത്തർ യൂനിവേഴ്സിറ്റിയിലെ ശരീഅ - ഇസ്‌ലാമിക് ഫാക്കൽറ്റി ഡീൻ ആഇശ യൂസുഫ് മന്നാഇ പറഞ്ഞു.

ഉദ്ഘാടന സമ്മേളനത്തിൽ സംബന്ധിച്ച് സംസാരിച്ച ഓർഗനൈസേഷൻ ഓഫ് ഇസ്‌ലാമിക് കോൺഫറൻസ് (OIC) സെക്രട്ടറി ജനറൽ പ്രഫ. അക്മലുദ്ദീൻ ഇഹ്സാൻ ഓഗ്‌ലു, ഗസ്സയിലും ഫലസ്തീന്റെ ഇതര ഭാഗങ്ങളിലും ഇസ്രയേൽ നടത്തിയ കൊടുംക്രൂരത തുറന്നു കാണിച്ചു. സ്ത്രീകളെയും കുട്ടികളെയും കൂട്ടക്കൊല നടത്തുകയും

**ഇന്നത്തെ സാമ്പത്തിക പ്രതിസന്ധിയും മതാധിഷ്ഠിത സാമ്പത്തിക വ്യവസ്ഥയും ചർച്ചയുടെ കേന്ദ്രബിന്ദുവായി. സുഡാന്റെ മുൻ പ്രസിഡന്റ് സുവാറുദ്ദഹബ് ആയിരുന്നു അധ്യക്ഷൻ. മുതലാളിത്തത്തിന്റെ ചൂഷണ വ്യഗ്രതയാണ് ലോകമിന്നനുഭവിക്കുന്ന എല്ലാ പ്രതിസന്ധികൾക്കും കാരണമെന്ന് അഭിപ്രായപ്പെട്ട അദ്ദേഹം മതസമൂഹങ്ങളുടെ മൗനം പൊറുക്കപ്പെടാനാവാത്തതാണെന്ന് ഓർമപ്പെടുത്തി.**



സുവാറുദ്ദഹബ്

ആശുപത്രികളും ആരാധനാലയങ്ങളും തകർക്കുകയും ജനങ്ങളെ ഉപരോധത്തിലൂടെ പട്ടിണിക്കിടുകയും ചെയ്യുന്ന ഇസ്രയേലിന്റെ ഹീനവൃത്തികൾ തുറന്നുകാണിക്കുന്ന ഗോൾഡ്സ്റ്റോൺ റിപ്പോർട്ട് ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ സമിതി അംഗീകരിച്ചിട്ടും പ്രത്യേകിച്ചൊന്നും സംഭവിക്കാത്തതിനെ അദ്ദേഹം പരിഹസിച്ചു. ഇസ്രയേലിന്റെ സൈനിക ശക്തിയെക്കാൾ മഹത്തരമാണ് സത്യത്തിന്റെ ശക്തിയെന്നും, മനുഷ്യപ്രകൃതിയിൽ ദൈവം നിക്ഷേപിച്ച ആ ശക്തിയെ തകർക്കാൻ ആർക്കും സാധ്യമല്ലെന്നും അദ്ദേഹം ഓർമിപ്പിച്ചു. ഫ്രഞ്ച് ജ്യൂയിഷ് ഇൻസ്റ്റിറ്റ്യൂഷൻ പ്രസിഡന്റ് ബർണാർഡ് കനോവിച്ച് യഹൂദ, ക്രൈസ്തവ, ഇസ്‌ലാമിക മതങ്ങൾ ഒരേ പാരമ്പര്യത്തിൽ പെട്ടവയാണെന്നും അവയുടെയെല്ലാം അനുയായികൾ ഏകദൈവത്തിലും പ്രവാചകന്മാരിലും വിശ്വസിക്കുന്നവരാണെന്നും അതിനാൽ യോജിപ്പിന്റെ മേഖലകൾ കണ്ടെത്തി വികസിപ്പിക്കണമെന്നും ആവശ്യപ്പെട്ടു.

വത്തിക്കാനിലെ ആർച്ച് ബിഷപ്പ് ഹയർ ലൂയിനി സലാട്ട സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, രാഷ്ട്രീയ രംഗത്തെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ സമത്വത്തിന്റെയും സഹിഷ്ണുതയുടെയും അന്തരീക്ഷം സൃഷ്ടിക്കാൻ മതസമൂഹങ്ങൾക്ക് സാധിക്കണമെന്ന് അഭിപ്രായപ്പെട്ടു.

ലോക ജനസംഖ്യയുടെ അറുപതു ശതമാനവും കുടിവെള്ളം, വിദ്യാഭ്യാസം, താമസസൗകര്യം പോലുള്ള മൗലികാവശ്യങ്ങൾ പോലും ലഭിക്കാതെ കഷ്ടപ്പെടുന്നവരാണെന്നും എൺപതുകോടി മനുഷ്യർ പട്ടിണി കിടക്കുന്നവരാണെന്നും അതിൽ ഇരുപത്തിനാലു കോടിയും ആഫ്രിക്കയിലാണെന്നും ദോഹ ഇന്റർനാഷനൽ സെന്റർ ഫോർ ഇന്റർ ഫെയ്ത്ത് ഡയലോഗ് ചെയർമാൻ പ്രഫ. ഇബ്റാഹീം സ്വാലിഹ് അൽനുഐമി തുറന്നുകാട്ടി.

## യുദ്ധങ്ങളും പ്രകൃതി ദുരന്തങ്ങളും

ഉദ്ഘാടന സമ്മേളനത്തിനുശേഷം നടന്ന പ്രഥമ യോഗത്തിലെ പ്രധാന ചർച്ചാവിഷയം യുദ്ധങ്ങളുടെയും പ്രകൃതി ദുരന്തങ്ങളുടെയും കെടുതികൾ നേരിടുന്നതിൽ മനുഷ്യനു ചെയ്യാവുന്ന കാര്യങ്ങളെക്കുറിച്ചായിരുന്നു. ഖത്തറിലെ പ്രമുഖ ഇസ്‌ലാമിക പണ്ഡിതനും ചിന്തകനുമായ ഡോ. അലി ഖുർറദാഗിയായിരുന്നു അധ്യക്ഷൻ.

“പടിഞ്ഞാറൻ നാടുകൾ നൂറ്റാണ്ടുകളോളം മതത്തിന്റെയും വർഗത്തിന്റെയും വർണ ത്തിന്റെയും പേരിലുള്ള സംഘർഷങ്ങളുടെയും സംഘട്ടനങ്ങളുടെയും യുദ്ധങ്ങളു ടെയും ഇടമായിരുന്നു. അത് അവർക്ക് വമ്പിച്ച നാശനഷ്ടങ്ങൾ വരുത്തി. അതിൽനിന്ന് പാഠമുൾക്കൊണ്ട് അവർ യുദ്ധങ്ങൾക്ക് അറുതിവരുത്തി. ഇപ്പോൾ അവ രുടെ മുഴുവൻ ഗൂഢാലോചനകൾക്കും ഇരയായി ആഭ്യന്തര സംഘർഷങ്ങളും യുദ്ധ ങ്ങളും നടക്കുന്നത് മുസ്‌ലിം നാടുകളിലാണ്. ഇക്കാര്യം തിരിച്ചറിഞ്ഞ് മുന്നോട്ടു പോവാൻ കിഴക്കൻ സമൂഹങ്ങൾക്കു സാധിക്കണം. സാമ്രാജ്യത്വ ഗൂഢാലോചനകളെ പ്രതിരോധിക്കാതെ ഇതൊട്ടും പ്രായോഗികമാവുകയില്ല” – ഖുർറദാഗി ഓർമിപ്പിച്ചു.

സിറിയയിലെ ഗ്രിഗോറിയസ് മൂന്നാമൻ, ക്രിസ്ത്യാനികളനുഭവിക്കുന്ന പ്രതി സന്ധികളെ പ്രതിരോധിക്കാൻ മുസ്‌ലിംകളും മുസ്‌ലിംകളുടെ ദുരിതങ്ങൾക്ക് അറു തിവരുത്താൻ ക്രിസ്ത്യാനികളും സന്നദ്ധമാവണമെന്നാവശ്യപ്പെട്ടു. പരസ്പര സഹ കരണത്തിലൂടെ മാത്രമേഇന്ന് മനുഷ്യരാശി നേരിടുന്ന വെല്ലുവിളികളെ തരണം ചെയ്യാ നാവൂ. നാം കൂട്ടായി ശ്രമിച്ചാൽ അറബ്‌ലോകത്ത് ഒരൊറ്റ ദരിദ്രനുമില്ലാത്ത അവസ്ഥ സൃഷ്ടിക്കാൻ സാധിക്കുമെന്ന് ശുദ്ധമായ അറബിയിൽ നടത്തിയ പ്രസംഗത്തിൽ ഗ്രിഗോറിയസ് ഊന്നിപ്പറഞ്ഞു.

റുവാണ്ടൻ മുഫ്തി ശൈഖ് സ്വാലിഹ് ഹബീബ് ഹബിമാനയുടെ പ്രസംഗം ഏറെ ശ്രദ്ധിക്കപ്പെട്ടു. “ഒരു നാൾ നാം ഇവിടെ ഉണ്ടാവില്ല. അപ്പോൾ മനുഷ്യസ മൂഹം നമ്മെ ഓർക്കുക നാം നിർമിച്ചവയുടെ പേരിലാണ്; നശിപ്പിച്ചവയുടെ പേരില ല്ല. സംരക്ഷിച്ചവയുടെ പേരിലാണ്; തകർത്തവയുടെ പേരിലല്ല. എത്രപേരെ രക്ഷി ച്ചുവെന്നതാണ് സ്മരണീയം; എത്രപേരെ കൊന്നുവെന്നതല്ല'' എന്നു പറഞ്ഞു തുട ങ്ങിയ മുഫ്തി റുവാണ്ടയിൽ റോമൻ കത്തോലിക്കാ ചർച്ചും ബൽജിയം സാമ്രാജ്യശ ക്തികളും നടത്തിയ വംശീയ വിഭജനത്തെക്കുറിച്ച് വാചാലനായി.

## ഗ്രൂപ്പ് ചർച്ചകൾ

വിഷയവും സദസ്സും മൂന്നായി ഭാഗിച്ച് ഗ്രൂപ്പ് ചർച്ചകളാണ് പിന്നീടു നടന്നത്. ആധ്യാത്മിക മൂല്യങ്ങളിലൂടെ കൂട്ടായ്മയും ഐക്യവും നേടിയെടുക്കുന്നത് സംബ ന്ധമായ ചർച്ചക്ക് ഐക്യരാഷ്ട്രസഭയുടെ ഇന്റർനാഷനൽ അസോസിയേഷൻ ഫോർ റിലീജിയസ് ഫ്രീഡം(IARF) പ്രതിനിധി സ്വിറ്റ്സർലന്റിലെ ജോൺടൈലർ, ഇറ്റലി യിലെ ഡോ. മുഹമ്മദുൽ സുലൈമാനി, യു.എ.ഇയിലെ ഡോ. അലി അൽഹാശിമി, ബ്രിട്ടനിലെ 'ദ സോൾ ഓഫ് യൂറോപ്പ്' എന്ന മതസംവാദവേദിയുടെ സ്ഥാപകനും ഡയറക്ടറുമായ റവ. ഡൊനാൽഡ് റീവ്സ്, ഇന്ത്യയിലെ വഹീദുദ്ദീൻഖാൻ, ശ്രീലങ്ക യിലെ ഡോ. ദീൻ മുഹമ്മദ്, ബോസ്നിയ ആന്റ് ഹെർസഗോവ്നിയയിലെ ഇന്റർ റി ലീജിയസ് കൗൺസിൽ അംഗം ബോറിസ കൊസം ജാക്കിം (Boris Kozemjakim), സുഊദി അറേബ്യയിലെ ഡോ. നാജി അൽ അഫ്റജ്, ഇറ്റാലിയൻ ബിഷപ്പ് കോൺഫ റൻസ് അംഗം ഫാ. വിറ്റോറിയോ ഇനാരി (Vitorio Ianari), ഫ്രാൻസിലെ ബർണാർഡ് കനോവിച്ച് എന്നിവർ നേതൃത്വം നൽകി. എല്ലാ മതങ്ങളും ദൈവത്തിന്റെ ഏകതയും മാനവതയുടെ ഏകതയുമാണ് അടിസ്ഥാനമായി സ്വീകരിച്ചതെന്നും അത് രണ്ടും മാനവിക ഐക്യത്തിനും കൂട്ടായ്മക്കും പ്രേരകമാകണമെന്നും പ്രസംഗകർ ചൂണ്ടി ക്കാട്ടി.

'പ്രകൃതി ദുരന്തങ്ങളും വിശപ്പും നേരിടുന്നതിലെ മതമാനം' എന്ന വിഷയത്തെ ആസ്പദിച്ചുള്ള ചർച്ച ജൂത പുരോഹിതൻ ജേക്കബ് വീസ്(ബ്രിട്ടൻ), ഡോ. ബൗനാ മോൽവൽ(സുഡാൻ), ഡോ. നിക്ക് വുഡ് (ബ്രിട്ടൻ), ജൂത പുരോഹിതൻ ജോസ്



അക്മലുദ്ദീൻ ഓഗ്ലൂ



ഡൊണാൾഡ് റീവ്സ്



ജോസ് റോളന്റോ മറ്റ ലോൺ



ആഇശ മന്നാഇ

റൊളൻന്റോ മാറ്റലോൻ(ന്യൂയോർക്ക്), സ്പെയിനിലെ ഇസ്‌ലാമിക് കൗൺസിൽ ഫോർ റിലീഫ് ആന്റ് ദഅ്‌വ അംഗം ബഹീജ് മുല്ല ഹുവൈഷ്, ക്യൂബയിലെ മാർസെല്ലാ മാഗുവൽ സലാസാർ, മധ്യപൂർവദേശത്തെ ചർച്ച് കൗൺസിലിന്റെ സ്ഥാപകൻ ലബനാനിലെ ബിഷപ്പ് ജോർജ് സലീബ, ഈജിപ്തിലെ ഡോ. അലിലൈല, അമേരിക്കയിലെ ജേക്കബ് ബൻദർ തുടങ്ങിയവരാണ് നയിച്ചത്. മാനവികത നഷ്ടമാവുന്നതോടെ മതം മൃതമാവുമെന്നും കഷ്ടപ്പെടുന്നവരുടെ നേരെ കണ്ണടക്കുന്നവർ മതവിശ്വാസികളല്ലെന്നും സമൂഹത്തിന്റെ മൊത്തം സുരക്ഷയും ക്ഷേമവും ഉറപ്പുവരുത്താൻ മതവിശ്വാസികൾ ബാധ്യസ്ഥരാണെന്നുമാണ് ചർച്ചയിൽ പൊതുവെ ഉയർന്നുവന്നത്.

അമേരിക്കയിലെ ജൂതപുരോഹിതൻ ജോസ് റോളന്റോ മാറ്റലോൺ, ഫ്രാൻസിലെ ഡോ. പാട്രിക്‌ലോഡ്, യു.എസ്.എയിലെ പ്രഫ. റോബർട്ട് ഈസൻ, ഇറാഖിലെ ബിഷപ്പ് ഡോ. ലൂയിസ സാക്കോ, ടുണീഷ്യയിലെ അലിബൻ മുബാറക്, അമേരിക്കയിലെ നിഹാദ് അവദ്, ബ്രിട്ടനിലെ സ്റ്റീഫൻ തോമസ് ബില്ലർ, ആസ്ട്രേലിയയിലെ ഡോ. റോജർ ബൻസ്കി, മൊറോക്കോവിലെ ഡോ. അബ്ദുൽഹാദി അൽതാസി, അമേരിക്കയിലെ ഡോ. വില്യം വെൻഡ്‌ലി എന്നിവർ പങ്കെടുത്തു.

## സാമ്പത്തിക പ്രതിസന്ധി
## മത പരിപ്രേക്ഷ്യത്തിൽ

രണ്ടാം ദിവസം സാമ്പത്തിക രംഗത്തെ പരസ്പര സഹകരണത്തെയും ഐക്യദാർഢ്യത്തെയും സംബന്ധിച്ചായിരുന്നു. ഇന്നത്തെ സാമ്പത്തിക പ്രതിസന്ധിയും മതാധിഷ്ഠിത സാമ്പത്തിക വ്യവസ്ഥയും ചർച്ചയുടെ കേന്ദ്രബിന്ദുവായി. സുഡാന്റെ മുൻ പ്രസിഡന്റ് സുവാറുദ്ദഹബ് ആയിരുന്നു അധ്യക്ഷൻ. മുതലാളിത്തത്തിന്റെ ചൂഷണ വ്യഗ്രതയാണ് ലോകമിന്നനുഭവിക്കുന്ന എല്ലാ പ്രതിസന്ധികൾക്കും കാരണമെന്ന് അഭിപ്രായപ്പെട്ട അദ്ദേഹം മതസമൂഹങ്ങളുടെ മൗനം പൊറുക്കപ്പെടാനാവാത്തതാണെന്ന് ഓർമപ്പെടുത്തി.

സമ്മേളനത്തിൽ സംസാരിച്ച വേൾഡ് ബാങ്ക് പ്രതിനിധി ക്യൂൻടിൻ ടി. വുഡൻ മതമൂല്യങ്ങളുടെ നിരാസമാണ് സാമ്പത്തിക പ്രതിസന്ധിക്ക് പ്രധാന കാരണമെന്നും, കഷ്ടപ്പെടുന്നവരോട് കാരുണ്യം കാണിക്കാനുള്ള മതാധ്യാപനങ്ങൾ മുമ്പെന്നത്തെക്കാളും പ്രയോഗവൽക്കരിക്കപ്പെടേണ്ട കാലമാണിതെന്നും അഭിപ്രായപ്പെട്ടു. ഖത്തർ ഫൗണ്ടേഷനിലെ കോളേജ് ഓഫ് ഇസ്‌ലാമിക് സ്റ്റഡീസ് ഡീൻ ഡോ. ഹാതിം അൽ ഖുറൻശാവി പ്രസംഗിച്ചു. തുടർന്ന് നടന്ന ഗ്രൂപ്പ് ചർച്ചക്ക് അമേരിക്കയിലെ റോബർട്ട്

ഈസൺ, വില്യം ബേക്കർ, ജൂതപുരോഹിതൻ റിയോവൻഫിറ സ്റ്റോൺ, ബ്രിട്ടനിലെ ജൂത പുരോഹിതൻ ജേക്കബ് വീസ്, ഓസ്ട്രിയയിലെ ഡോ. ഹാൻസ് കൊച്ച്ലർ, ഡോ. മഹ്മൂദ് അഹ്മദ് ഗാസി എന്നിവർ നേതൃത്വം നൽകി.

മതസ്വാതന്ത്ര്യവും മതപരമായ അവകാശങ്ങളും സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട ഗ്രൂപ്പ് ചർച്ചയിൽ ശ്രദ്ധേയമായ പ്രഭാഷണം നടത്തിയത് ഈജിപ്തിലെ ഡോ. ബക്കർ സക്കിയാണ്. ഇസ്‌ലാമിന്റെ പരമതങ്ങളോടുള്ള സഹിഷ്ണുതയുടെ മഹിത മാതൃക പ്രമാണങ്ങളുടെയും ചരിത്രസത്യങ്ങളുടെയും അടിസ്ഥാനത്തിൽ വിശദീകരിച്ച അദ്ദേഹം മതപരിത്യാഗികളോടുള്ള ഇസ്‌ലാമിന്റെ സമീപനത്തിന്റെ യുക്തിയും ന്യായങ്ങളും വിശദീകരിച്ചു. ചർച്ചയിൽ മക്കയിൽ മുസ്‌ലിംകളല്ലാത്തവർക്ക് പ്രവേശനം നിഷേധിക്കുന്ന കാര്യം ഉയർന്നുവന്നു. അതിന് ഏവർക്കും ബോധ്യമാകുന്ന വിശദീകരണവും അദ്ദേഹം നൽകി.

സിറിയയിലെ പാത്രിയാർക്കിസ് ഗ്രിഗോറിയസ് മൂന്നാമൻ, ലബനാനിലെ ഡോ. അബ്ബാസ് അൽ ഹലബി, ഈജിപ്തിലെ ഡോ. യൂഹാൻ തബത് ഖുൽത (Youhan Thabet Kulta) അമേരിക്കയിലെ സ്റ്റാൻ വില്ല്യം സ്റ്റാഡ്, ഒമാനിലെ ഡോ. അഹ്മദ് അൽമഖീനി, അർജന്റീനയിലെ ജൂത പുരോഹിതൻ മാർസലോ പോൾകോഫ് (Marcelo Pol koff) ജോർദാനിലെ ഫാദർ മക്കാരിയോസ്, ഫാദർ റോബി കണ്ണൻചിറ തുടങ്ങിയവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

ദോഹ ഇന്റർനാഷനൽ സെന്റർ ഫോർ ഇന്റർഫെയ്ത്ത് ഡയലോഗ് ചെയർമാൻ പ്രഫ. ഇബ്റാഹിം സാലിഹ് അൽനുഅയ്മിയുടെ സമാപന പ്രഭാഷണത്തോടെ രണ്ടു ദിവസത്തെ സംവാദങ്ങൾക്ക് തിരശ്ശീല വീണു.

ജൂത, ക്രൈസ്തവ, ഇസ്‌ലാമിക സമൂഹങ്ങളിലെ മതനേതാക്കൾക്ക് രണ്ടുദിവസം ഒരുമിച്ചിരുന്ന് സൗഹൃദ പൂർണമായ അന്തരീക്ഷത്തിൽ കാലിക പ്രാധാന്യമുള്ള വിഷയങ്ങളെ സംബന്ധിച്ച് ഉള്ളുതുറന്ന് സംവദിക്കാൻ സാധിച്ചുവെന്നതുതന്നെ ഇന്നത്തെ സാഹചര്യത്തിൽ വളരെ പ്രധാനമാണ്. ഇസ്രയേലിന്റെ മനുഷ്യത്വ രഹിതമായ ചെയ്തികളെയും ക്രൂരമായ കൈയേറ്റങ്ങളെയും കൂട്ടക്കൊലകളെയും നിശിതമായി വിമർശിച്ച കൂട്ടത്തിൽ ജൂതപുരോഹിതന്മാരും ഉണ്ടായിരുന്നു. ഇസ്രയേലിന്റെ ഹീനവൃത്തികളെ ജൂത സമൂഹത്തിലെ തന്നെ വലിയൊരുവിഭാഗം അംഗീകരിക്കുന്നില്ലെന്നും അവരതിന് എതിരാണെന്നും ഇത് അസന്ദിഗ്ധമായി വ്യക്തമാക്കുന്നു. മുസ്‌ലിം നാടുകളിൽ ചില ക്രൈസ്തവ സഭകൾ നടത്തുന്ന മിഷനറി പ്രവർത്തനങ്ങളെയും ദാരിദ്ര്യം ചൂഷണം ചെയ്ത് മതപരിവർത്തനം നടത്തുന്നതിനെയും വിമർശന വിധേയമാക്കിയപ്പോൾ ക്രൈസ്തവ പുരോഹിതന്മാർ സ്വീകരിച്ച സമീപനവും ഇത്തരം സംവാദങ്ങളുടെ സദ്ഫലങ്ങളിലേക്ക് വെളിച്ചം വീശുന്നു.

ഖത്തറിലെ മലയാളി ക്രൈസ്തവ സുഹൃത്തുക്കളും ഇന്ത്യൻ ഇസ്‌ലാമിക് അസോസിയേഷൻ പ്രസിഡന്റ് വി.ടി അബ്ദുല്ലക്കോയ തങ്ങളും ഫ്രന്റ്സ് കൾച്ചറൽ സെന്റർ ഡയറക്ടർ അബ്ദുൽഹമീദ് വാണിയമ്പലവും പത്രപ്രവർത്തകനായ മുഹമ്മദ് പാറക്കടവും സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു. ■